വൈദ്യുതാഘാതം ഒഴിവാക്കാൻ നടപടി

30(*60) ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻകരുതൽ നടപടികളുണ്ടായിട്ടും വൈദ്യുതി വിതരണ ജീവനക്കാരും പൊതുജനങ്ങളും തുടർച്ചയായി അപകടങ്ങൾക്കിരയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി വിതരണ ലൈനുകളിൽ നിന്നും ഉപകരണങ്ങളിൽ നിന്നും ഷോക്കേറ്റുണ്ടാകുന്ന ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകടരഹിതമാക്കാൻ ഇനിയും എന്തെല്ലാം മുൻകരുതൽ നടപടികൾ വേണ്ടിവരുമെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്.

(ബി) വൈദ്യുതി വിതരണ ലൈനുകളിൽ നിന്നും ഉപകരണങ്ങളിൽ നിന്നും ഷോക്കേറ്റുണ്ടാകുന്ന ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കാൻ പലവിധ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ, 2010-ൽ അനുശാസിക്കുന്ന സുരക്ഷാ ഉപകരണങ്ങളായ ഗ്ലൗസ്, റബ്ബർ ഷൂസ്, സേഫ്റ്റി ബെൽറ്റ്, ഹെൽമറ്റ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ച് ലൈൻ ഓഫ് ചെയ്ത് എർത്തു ചെയ്തതിന് ശേഷം മാത്രമേ വൈദ്യുതി ലൈനുകളിലും പോസ്റ്റുകളിലും ജോലി ചെയ്യാൻ പാടുള്ളൂ എന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകി അതു പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നുണ്ട്. വൈദ്യുത ഉപകരണങ്ങളിൽ നിന്നും അപകടം സംഭവിക്കാതിരിക്കുന്നതിന് പുതുതായി നിർമ്മിക്കുന്ന വീടുകളിൽ ഇ.എൽ.സി.ബി. നിർബന്ധമാക്കിയിട്ടുണ്ട്. സുരക്ഷാ വിഭാഗം സുസജ്ജമാക്കുന്നതിലേക്കായി ചുമതലകൾ വിവിധ ഉദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിട്ടുണ്ട്. കമ്പിപൊട്ടി വീഴുക തുടങ്ങിയ സുരക്ഷാ സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്കു നേരിട്ട് വിളിച്ചറിയിക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കായി സുരക്ഷാ സംബന്ധമായ ബോധവൽക്കരണ പരിപാടികൾ, എക്സിബിഷനുകൾ തുടങ്ങിയവയും സംഘടിപ്പിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകടരഹിതമാക്കാൻ ഉദ്ദേശിച്ച് വിവിധ കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുജനങ്ങളുടേയും കുട്ടികളുടേയും സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലൂമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജനങ്ങൾക്ക് സുരക്ഷാ ബോധവൽക്കരണത്തിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

1 (368) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം നടത്താത്തതു മൂലം പി.എസ്.സി. റാങ്ക് ഹോൾഡേഴ്സ് സമരത്തിലേക്ക് നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ഇ.ബി. ലൈൻമാൻമാരുടെ പ്രൊമോഷൻ നൽകുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) ആലപ്പുഴ-പത്തനംതിട്ട ജില്ലകളിലെ മസ്ദൂർ നിയമന വിവരം ലഭ്യമാക്കുമോ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും, നിയമന ശിപാർശ അനുസരിച്ച് നിയമനം നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) ലൈൻമാൻ തസ്തികയിൽ നിലവിൽ ഒഴിവില്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് മസ്ദൂർ തസ്തികയിൽ നിന്ന് ലൈൻമാൻ തസ്തികയിലേക്ക് പ്രൊമോഷൻ നൽകി വരുന്നുണ്ട്.

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ആലപ്പുഴ ജില്ലയിൽ 20-ഉം പത്തനംതിട്ട ജില്ലയിൽ 2- ഉം നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിലവിൽ മസ്ദൂർ തസ്തികയിൽ ഒഴിവില്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly